# نصيحة الجمعة


## تحت إشراف جمعية العلماء لجنوب كيرلا، كلّم ، الهند

(Dakshina Kerala Jam-iyyathul Ulama, Kollam, Kerala)

للأستاذ المولوي سي .اي .موسي الباقوي القاسمي : ٩٤٤٧٤٦٥٦٤٨

الإتصال: شمير الباقوي،


---

**തീയതി:** 24/11/2017 **വിഷയം:** "നബിദിനാഘോഷം"

---

➤ മനുഷ്യരുടെ പ്രകൃതി ഗുണമാണ് സന്തോഷം. തനിക്ക് ലഭിക്കുന്ന നന്മകളിലും അനുഗ്രഹങ്ങളിലും ഏതൊരാളും സന്തോഷിക്കും. സമ്പത്ത്, സന്താനം, ജോലി, അധികാരം... ഒക്കെ സന്തോഷത്തിന്റെ കാരണങ്ങളാണ്. ഇവയുടെ പേരിലുള്ള സന്തോഷ പ്രകടനം മനുഷ്യ സഹജമാണ്.

وَإِذَا أَذَقْنَا النَّاسَ رَحْمَةً فَرِحُوا بِهَا ﴿الروم: ٣٦﴾

➤ പ്രകൃതി മതമായ ഇസ്‌ലാം ഈ പ്രകൃതി ഗുണത്തെ അംഗീകരിക്കുകയും വകവെച്ചു കൊടുക്കുകയും ചെയ്യുന്നു ˇ. ഇസ്‌ലാം ഇതിനെ എതിർക്കുന്നത് ഹറാം, കറാഹത്ത് ചേർന്ന് വരുമ്പോൾ മാത്രമാണ്. അതില്ലാത്ത സന്തോഷ പ്രകടങ്ങളെ എല്ലാം അംഗീകരിക്കുന്നു ˇ.

قُلْ بِفَضْلِ اللَّهِ وَبِرَحْمَتِهِ فَبِذَٰلِكَ فَلْيَفْرَحُوا هُوَ خَيْرٌ مِّمَّا يَجْمَعُونَ ﴿يونس: ٥٨﴾

ഹിജ്റ ചെയ്ത് മദീനയിലെത്തിയ നബി(സ്വ)യെ ആഘോഷപൂർവ്വമാണ് അൻസ്വാറുകൾ സ്വീകരിച്ചത്.

فَكَانَ يومَ فَرْحٍ وَابْتِهَاجٍ لَمْ تَرَ المدينةِ يومًا مِثْلَهُ، وَلَبْسَ النَّاسُ أَحْسَنَ مَلَابِسِهِمْ كَأَنَّهُم فِي يوم عِيدٍ (السيرة النبوية)

വഴികളിലെല്ലാം പ്രവാചക പ്രകീർത്തനം നിറഞ്ഞുനിന്നു.

وَتَفَرَّقَ الْغِلْمَانُ وَالْخَدَمُ فِي الطُّرُقِ يُنَادُونَ يَا مُحَمَّدُ يَا رَسُولَ اللَّهِ، يَا مُحَمَّدُ يَا رَسُولَ اللَّهِ (مسلم)

ദഫ്ഫ് മുട്ടി കവിത ചൊല്ലിയാണവർ സ്വീകരിച്ചത്.

طَلَعَ البَدْرُ عَلَيْنَا  مِنَ ثَنِيَّاتِ الوَدَاعِ

وَجَبَ الشُّكْرُ عَلَيْنَا    مَا دَعَى لِلَّهِ دَاع

أَيُّهَا المَبْعُوثُ فِينَا    جِئْتَ بِالأَمْرِ المُطَاع (بيهقي)

ഇതെല്ലാം നബി(സ്വ)യുടെ മുന്നിലാണ് അരങ്ങേറിയത്. തങ്ങൾ അത് അംഗീകരിച്ച് കൊടുത്തു.

തങ്ങളുടെ മുന്നിൽ ദഫ്ഫ് മുട്ടാൻ നേർച്ച നേർന്ന സ്ത്രീക്ക് നബി (സ്വ) അനുമതി നൽകി.

وَإِنَّما قَالَ (ص) لِمَنْ نَذَرَتْ أَنْ تَضْرِبَ عَلَى رَأْسِهِ بِالدَّفِّ حِينَ قَدِمَ الْمَدِينَةَ: أَوْفِي بِنَذْرِكِ: لِمَا اقْتَرَنَ بِهِ مِنْ غَايَةِ سُرُورِ الْمُسْلِمِينَ، وَإِغَاظَةِ الْمُنَافِقِينَ بِقُدُومِهِ، فَكَانَ وَسِيلَةً لِقُرْبَةٍ عَامَّةٍ (تحفة)

(=തങ്ങൾ മദീനയിലെത്തിയപ്പോൾ തങ്ങളുടെ മുന്നിൽ ദഫ്ഫ് മുട്ടി ക്കൊള്ളാം എന്നൊരു സ്ത്രീ നേർച്ചയാക്കി. അവരോട് ആ നേർച്ച നിർവഹിച്ചുകൊള്ളാൻ നബി(സ്വ) നിർദ്ദേശിച്ചു. കാരണം അതുവഴി മുസ്‌ലിംകളുടെ സന്തോഷം വർദ്ധിക്കുന്നതിനും കപടവിശ്വാസികളു ടെ ദുഃഖത്തിനും ഇടവരും. അപ്പോൾ അത് ഒരു പൊതു നന്മക്ക് കാര ണമായി.)

ഇവിടെ മുസ്‌ലിം സമുദായത്തിന്റെ സന്തോഷത്തിന് ഇടയാകുന്ന ആഘോഷം ഒരു സൽക്കർമ്മമാണെന്ന് വ്യക്തമാകുന്നു. അതു കൊണ്ടാണ് നേർച്ച വീടാൻ അനുവദിച്ചത്.

➢ ഈ നിലക്ക് ചിന്തിക്കുമ്പോൾ നബിദിനാഘോഷം പ്രോത്സാഹനാജന കമായ സദാചാരമാണ് എന്ന് മനസ്സിലാക്കാം.

ഒന്നാമതായി: ഇന്ത്യ ഒരു ബഹുമത രാജ്യമാണ്. എല്ലാ മത വിഭാഗങ്ങളും മതാചാര്യന്മാരുടെ ജന്മദിനങ്ങൾ ആഘോഷിക്കുന്നു. അതുവഴി പൊതുസ മൂഹത്തിൽ അവരുടെ സ്മരണയും ആശയ പ്രചരണവും സാധ്യമാകുന്നു. നബിദിനം സമുദായത്തിന്റെ മികച്ച അവസരമാണ്. ഘോഷയാത്ര, പ്രഭാഷ ണങ്ങൾ, വിദ്യാർത്ഥി ഫെസ്റ്റുകൾ, എല്ലാം നബി(സ്വ)യെയും തങ്ങളുടെ ആശയങ്ങളെയും പൊതുസമൂഹത്തിന് അറിയാൻ അവസരമൊരുക്കുന്നു. തെറ്റിദ്ധാരണകൾ നീക്കാ ൻ കഴിയുന്നു. ഇത് ദീനിനും സമുദായത്തിനും മെച്ചമാണ്. അതു കൊണ്ടാണല്ലോ ദഫ്ഫ്മുട്ടാൻ തങ്ങൾ അനുവാദം നൽകിയത്.

രണ്ട്:-ജന്മദിനത്തിൽ ആ അനുഗ്രഹത്തിന് നന്ദി രേഖപ്പെടുത്തൽ സുന്ന ത്താണ്.

وَيُسْتَحَبُّ لَنَا اِظْهَارُ الشُّكْرِ بِمَوْلِدِهِ، بِالْاِجْتِمَاعِ وَإِطْعامِ الطَّعَامِ وَنَحوِ ذَلكَ مِنْ وُجُوهِ الْقُرُبَاتِ وَإظهارِ الْمَسَرَّاتِ (الحاوي)

(=ജനങ്ങൾ ഒരുമിച്ചുകൂടി അന്നദാനം നടത്തൽ പോലെയുള്ള സൽ കർമ്മ ങ്ങൽ വഴി നന്ദി രേഖപ്പെടുത്തൽ നമുക്ക് സുന്നത്താണ്.)

നൂറ്റാണ്ടുകളായി മുസ്‌ലിം ലോകത്ത് ഇത് നടന്നുവരുന്നു. ഇമാം ഖസ്ത ല്ലാനി (റ) പറയുന്നു.

وَلاَ زَالَ أَهْلُ الإِسلامِ يَحْتَفِلُونَ بِشَهْرِ موْلِدِهِ(ص) وَيَعْمَلون الْوَلَائِمَ، وَيَتَصَدَّقُوْن ... فِي الْمَبَرَّاتِ وَيْعْتَنُونَ بِقِرَاءَةِ مَوْلدهِ الكريمِ، وَيَظْهَرُ عَلَيْهِمْ مَنْ بَرَكَاتِهِ كُلُّ فَضْلٍ عَمِيمٍ (المواهب اللدنية)

മൂന്ന്: ജന്മദിനാഘോഷപരിപാടികൾ, തങ്ങളോടുള്ള സ്നേഹത്തിന്റെ പേരി ലാകുമ്പോൾ പ്രതിഫലാർഹമാണ്.

فَإِنَّ ذَلِكَ... مُشْعِرٌ بِمَحَبَّةِ النَّبِيِّ (ص) وَتَعْظِيمِهِ فِي قَلْبِ فَاعِلِ ذَلِكَ، وَشُكْرِ اللهِ تعالى عَلَى مَا مَنَّ بِهِ مِنْ إِيجَادِ رَسُولِ اللهِ (ص) (الباعث)

(= ഇത് നബി(സ)യോടുള്ള സ്നേഹാദരങ്ങളെ സൂചിപ്പിക്കുന്നു. തങ്ങൾ ജനിച്ചതിന്റെ പേരിലുള്ള നന്ദി പ്രകടനവും കൂടിയാണത്.)

ഇബ്നുതീമിയ പോലും ഇത് അംഗീകരിച്ചിട്ടുണ്ട.

فَتَعْظِيمُ الْمَوْلِدِ وَاتِّخاذُهُ مَوْسِماً، قَدْ يَفْعلهُ بَعضُ النَّاسِ، وَيَكونُ لَهُ فِيهِ أَجْرٌ عَظِيمٌ؛ لِحُسْنِ قَصْدِهِ وَتَعْظِيمِهِ لِرسولِ اللهِ (ص) (اقتضاء الصراط المستقيم)

(=ജന്മദിനാചരണവും ആ ദിനത്തെ ബഹുമാനിക്കലും വലിയ പ്രതിഫലാ ർഹമാണ്. കാരണമത് നല്ല നിയ്യത്തിന്റെയും തിരുമേനിയോടുള്ള ആദരവി ന്റെയും പേരിലാണ്.)

➢ ഇതിന്റെ പേരിൽ അബൂലഹബിനുപോലും ഗുണമുണ്ടായി എ ന്നത് നമ്മെ ചിന്തിപ്പിക്കണം.

قَالَ عُرْوَةُ: وثُوَيْبَةُ مَوْلاةٌ لأَبِي لَهَبٍ,كَانَ أَبُو لَهَبٍ أَعْتَقَهَا فَأَرْضَعَت النبيّ فَلَمَّا مَاتَ أَبُو لَهَبٍ أُرِيَهُ بَعْضُ أَهْلِهِ بِشَرِّ حِيبَةٍ قَالَ لَهُ: مَاذَا لَقِيتَ؟ قَالَ أَبُو لَهَبٍ: لَمْ أَلْقَ بَعْدَكُمْ غَيْرَ أَنِّي سُقِيتُ فِي هَذِهِ بِعَتَاقَتِي (بخاري)

(= തന്റെ അടിമയായ സുവൈബത്തിനെ അബൂലഹബ് മോചിപ്പിച്ചു. അബൂലഹബ് മരിച്ചശേഷം വളരെ മോശമായ അവസ്ഥയിൽ അയാളെ കുടുംബക്കാരായ ചിലർ കണ്ടു. എങ്ങനെയുണ്ട്? എന്ന ചോദ്യത്തിന് ഞാൻ ഒരു നന്മയും എത്തിച്ചില്ല പക്ഷെ സുവൈബയെ മോചിപ്പിച്ചതിനാൽ എനിക്ക് കുടിവെള്ളം ലഭിച്ചു, എന്നയാൾ പറയുകയുണ്ടായി.)

സ്വപ്നം കണ്ടയാൾ അബ്ബാസ് (റ) ആയിരുന്നു. കുടിവെള്ളം ലഭിക്കാൻ കാരണം നബി(സ്വ) ജനിച്ച സന്തോഷത്തിൽ അയാൾ അടിയെ മോചിപ്പിച്ചതുകൊണ്ടാണ്.

وَذَلِكَ أَنَّ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ وُلِدَ يَوْمَ الِاثْنَيْنِ ، وَكَانَتْ ثُوَيْبَةُ بَشَّرَتْ أَبَا لَهَبٍ بِمَوْلِدِهِ فَأَعْتَقَهَا(فتح الباري)

അപ്പോൾ നബിദിനത്തിൽ സന്തോഷിക്കുന്ന ഒരു വിശ്വാസിക്ക് എത്രയോ ഉയർന്ന പ്രതിഫലം ലഭിക്കും. ഇമാം സുയൂത്വി(റ) പറയുന്നു.

فَمَا حَالُ الْمُسْلِمِ الْمُوَحِّدِ مِنْ أُمَّةِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يُسَرُّ بِمَوْلِدِهِ وَيَبْذُلُ مَا تَصِلُ إِلَيْهِ قُدْرَتُهُ فِي مَحَبَّتِهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ؛ لَعَمْرِي إِنَّمَا يَكُونُ جَزَاؤُهُ مِنَ اللَّهِ الْكَرِيمِ أَنْ يُدْخِلَهُ بِفَضْلِهِ جَنَّاتِ النَّعِيمِ...وَقَالَ الْحَافِظُ شمس الدين ابن ناصر الدين الدمشقي:

إِذَا كَانَ هَذَا كَافِرًا جَاءَ ذَمُّهُ ، وَتَبَّتْ يَدَاهُ فِي الْجَحِيمِ مُخَلَّدَا

أَتَى أَنَّهُ فِي يَوْمِ الِاثْنَيْنِ دَائِمًا ، يُخَفَّفُ عَنْهُ لِلسُّرُورِ بِأَحْمَدَا

فَمَا الظَّنُّ بِالْعَبْدِ الَّذِي طُولَ عُمْرِهِ ، بِأَحْمَدَ مَسْرُورًا وَمَاتَ مُوَحِّدَا

(الحاوي للفتاوي)

➤ എന്നാൽ മറ്റേത് ആഘോഷം പോലെ നബിദിനാഘോഷത്തിലും ശരീഅത്ത് ഹറാമാക്കിയ തിന്മകൾ പാടില്ലാത്തതാണ്.

മ്യൂസിക്കുകൾ, പെൺകുട്ടികളുടെ ഒപ്പന, നിസ്ക്കാരം ഖളാആക്കിയുള്ള ആഘോഷങ്ങൾ, ഇവയെല്ലാം തിന്മകളാണ്. അവ കൂടിക്കലരുന്ന ആഘോഷങ്ങൾ പാടില്ല. അവ ഒഴിവാക്കി മാതൃകാപരമായി നബിദിനാഘോഷങ്ങൾ നടക്കട്ടെ. അത് പ്രതിഫലാർഹമാണ്.

.